**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3513** **12-03-2025 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്നതിനും, ടി സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പോകുന്ന പുതിയ പദ്ധതികൾ തുടങ്ങിയവ അവലോകനം ചെയ്യുന്നതിനുമായി പ്രസ്തുത സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെയും, ചെയർമാൻമാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ഇടവേളകളിൽ സർക്കാർ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ കൃത്യമായി പഠിച്ച് അവ പ്രത്യേകമായി പരിശോധിച്ച് ഏത് രീതിയിൽ ഇവയൊക്കെ പരിഹരിക്കുവാനാകുമെന്ന വ്യക്തമായ പദ്ധതി തയ്യാറാക്കുവാൻ ടി സ്ഥാപനങ്ങളിലെ ചെയർമാൻ/ മാനേജിംഗ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളെ കാറ്റഗറൈസ് ചെയ്തതിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാറ്റഗറി വ്യക്തമാക്കുമോ? | (ബി) | സർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം കാറ്റഗറൈസ് ചെയ്തതിട്ടില്ല. |

സെക്ഷൻ ഓഫീസർ